# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-902/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 06/10/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-902/2023 തീയ്യതി: 06/10/2023

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-11-2022 മുതൽ 23-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 27-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 27-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ

ശ്രീമതി അനിറ്റ പി. സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഷൈജു സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ കൃഷ്ണദാസ് എൻ.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുരേഷ് ബാബു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ അഗസ്റ്റ്യൻ വി.എ. | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ ഷാജു മാത്യു | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.സാം വി.ജെ | മെഡിക്കൽ ഓഫിസർ,,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ലിലി ജേക്കബ്ബ് | മെഡിക്കൽ ഓഫിസർ ആയുർവേദം | 01-04-2022 | 08-06-2022 |
| ഡോ.വിജിത കുറുപ്പ് | മെഡിക്കൽ ഓഫിസർ ആയുർവേദം | 09-06-2022 | 31-03-2023 |
| ഡോ.ജെസ്സി തോമസ് | മെഡിക്കൽ ഓഫിസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ രതീഷ് ഭാസ്കരൻ | അസി.എഞ്ചിനിയർ | 01-04-2022 | 20-09-2022 |
| ശ്രീമതി സില്ലമോൾ മാത്യു | അസി.എഞ്ചിനിയർ | 21-09-2022 | 26-09-2022 |
| ശ്രീ ഹരി ആർ | അസി.എഞ്ചിനിയർ | 27-09-2022 | 31-03-2023 |
| ഡോ.ബിജുരാജ് എം.പി | വെറ്ററിനറി സർജൻ | 01-04-2022 | 03-01-2023 |
| ഡോ.വിഷ്ണു വേലായുധൻ | വെറ്ററിനറി സർജൻ | 04-01-2023 | 08-02-2023 |
| ഡോ.ക്ലിന്റ് സണ്ണി | വെറ്ററിനറി സർജൻ | 09-02-2023 | 31-03-2023 |
| ശ്രീമതി സിമോണി ജോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മോളി റ്റി.ബി | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി സൂസമ്മ സി.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 15-01-2023 |
| ശ്രീമതി ജൂലി എം ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |
| ശ്രീ സുധീഷ് എം.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ലിസ്സി കെ.പി | വി ഇ.ഒ -1 | 01-04-2022 | 19-04-2022 |
| ശ്രീമതി സിൻസി കെ.പി | വി ഇ.ഒ -1 | 20-04-2022 | 13-07-2022 |
| ശ്രീമതി ഷാജിത മീരാൻ | വി ഇ.ഒ -1 | 14-07-2022 | 31-03-2023 |
| ശ്രീമതി ധന്യ സി | വി.ഇ.ഒ-2 | 01-04-2022 | 16-07-2022 |
| ശ്രീമതി അപർണ്ണ പി രവി | വി.ഇ.ഒ-2 | 17-07-2022 | 26-11-2022 |
| ശ്രീമതി ഷാജിത മീരാൻ | വി.ഇ.ഒ-2 | 27-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-2 |
| 4 | Stale Cheque ഇനത്തിൽ തുക തെറ്റായി ഉൾപ്പെടുത്തി | 1-1-3 |
| 5 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | Prior Period Income/Expenditure എന്ന ഇനങ്ങളിലെ തുകകളെ സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ ജേർണൽ വൌച്ചറുകളും അടിസ്ഥാന രേഖകളും സൂക്ഷിച്ചിട്ടില്ല | 1-1-5 |
| 7 | ആസ്തി -ബാധ്യത ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ | 1-3-1 |
| 11 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തിയില്ല | 1-3-2 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്യാഷ് പരിശോധന | 1-6 |
| 15 | ക്ഷേമ പെൻഷൻ | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | ലോൺ തുക തെറ്റായി അക്കൗണ്ട് ചെയ്തത് സംബന്ധിച്ച് | 1-9 |
| 18 | വസ്തു നികുതിയും നികുതി പരിഷ്കരണവും - അവലോകനം | 1-10 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 1-11 |
| 20 | ഇ ടെണ്ടർ ഫോറ വിലയിനത്തിലുള്ള ₹305285/-ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല | 1-12 |
| 21 | കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-13 |
| 22 | ഫെസ്റ്റിവൽ അഡ്വാൻസ് -മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-14 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 24 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 25 | കേരള ഐ.ടി മിഷനിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല | 1-17 |
| 26 | പൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-18 |
| 27 | പെണ്ണാട് വിതരണം-അനർഹർക്ക് സബ്സിഡി നൽകി നഷ്ടം ₹15000/- | 1-19 |
| 28 | ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-20 |
| 29 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-21 |
| 30 | ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള വിവതരണം- പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച് | 1-22 |
| 31 | ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വിച്ഛേദനം- പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്. | 1-22-1 |
| 32 | ഗ്രാമപഞ്ചായത്തിന്റെയും KWA യുടെയും രേഖകളിൽ കുടിശ്ശിക തമ്മിൽ വ്യത്യാസം കാണുന്ന -വാർഷിക കണക്കിൽ കുടിശ്ശിക വിവരം ചേർത്തിട്ടില്ല | 1-22-2 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾ | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3 സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.7.2023-ലെ 3/1 തീരുമാനം പ്രകാരം തയ്യാറാക്കി 13-7-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കോടിക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തിന്റെയും സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| തീയതി. 06.10.2023 | ഇടുക്കി ജില്ല ഓഡിറ്റ് കാര്യാലയം |

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടുള്ള ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ കഴിയുന്നില്ല.

1-1-3 Stale Cheque ഇനത്തിൽ തുക തെറ്റായി ഉൾപ്പെടുത്തി

Stale Cheque തുകയായി 31/03/2023 ലെ നീക്കിയിരിപ്പ് തുക ₹106782/-യുടെ വിശദാംശം, വ്യക്തി/സ്ഥാപനം, പ്രോജക്ട്/ഉദ്ദേശ്യം, കാലയളവ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്റർ മുഖേന നിരീക്ഷിക്കുന്നില്ല. ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ LOAN (HUDCO) ഇനത്തിലെ തുക പ്രസ്തുത വീട് വിറ്റതിനാൽ തിരികെ ഒടുക്കിയത് ₹100,000/- നിശ്ചിത അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. Stale Cheque ഇനത്തിൽ ഈ തുക ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-4 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1) പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ് വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. 340109901 ഹെഡ്ഡിൽ ഉൾപ്പെട്ട Other Deposit തുകയുടെ കൃത്യത വ്യക്തമല്ല.
2) B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ് തുകകളുടെ വിശദാംശം ലഭ്യമല്ല. അഡ്വാൻസ് രജിസ്റ്ററിൽ മുന്നിരിപ്പ് നീക്കിയിരിപ്പ് വിശദാംശങ്ങൾ ചേർത്തിട്ടില്ല. അതിനാൽ ഈയിനത്തിലെ നീക്കിയിരിപ്പ് ₹2580952/- ന്റെ കൃത്യത വ്യക്തമല്ല.
3) തൻവർഷം നൽകിയ അഡ്വാൻസ് തുകയുടെ വിശദാംശങ്ങൾ വാർഷികകണക്കിൽ ചേർത്തിട്ടില്ല. ബിൽ നമ്പർ 2210055201770115 2525/7-2-23 പ്രകാരം ₹48474/- KSEB യിൽ കൊടുവേലി അംഗൻവാടി വൈദ്യുതീകരണം എന്ന പദ്ധതിയ്ക്കായി തൻവർഷം മുൻകൂർ നല്കിയിട്ടുണ്ട്. വാർഷികകണക്കിൽ (B-18) ൽ തുക ചേർത്തിട്ടില്ല.

1-1-5 Prior Period Income/Expenditure എന്ന ഇനങ്ങളിലെ തുകകളെ സാധൂകരിക്കുന്ന സാക്ഷ്യപ്പെടുത്തിയ ജേർണൽ വൌച്ചറുകളും അടിസ്ഥാന രേഖകളും സൂക്ഷിച്ചിട്ടില്ല

Prior Period Income/Expenditure വിവരത്തിനുള്ള ജേർണൽ വൌച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. 290800701-Prior Period Expenses-Miscellaneous Expenses ശീർഷകത്തിൽ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് വിശദീകരിക്കപ്പെട്ടിട്ടില്ല. Prior Period Expenditure Head 290800201, 290800501, 290800701 -എന്നീ ചെലവ് ഹെഡുകളിൽ Receipt ചെയ്തതിന് കാരണം വ്യക്തമല്ല.

1-1-6 ആസ്തി -ബാധ്യത ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1) ബാലൻസ് ഷീറ്റ് ബി-5 (Secured Loan) ബി-16 (Prepaid Expense) എന്നിവയിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ തമ്മിൽ ₹442144/- യുടെ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസം

വിശദീകരിക്കപ്പെട്ടില്ല.

2) ദുരിതാശ്വാസനിധി നീക്കിയിരിപ്പ് B17 പ്രകാരം ₹20851/-, B-2 പ്രകാരം ₹20611/- ആണ് ചേർത്തിരിക്കുന്നത്.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1(1)/19.03.2022 | 1(1)/ 26.03.2022 |
| പുതുക്കിയ ബജറ്റ് | 1(1)/03.03.2023 | 1(1)/04.03.2023 |

ബജറ്റ് പ്രതീക്ഷകൾ

| ഇനം | പ്രാഥമിക ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 2238814 | 25073983 |
| വരവ് | 72136100 | 106246402 |
| ആകെ | 74374914 | 131320385 |
| ചെലവ് | 73531800 | 106391526 |
| നീക്കിയിരിപ്പ് | 843114 | 24928859 |

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/ വരവ് ₹ | ആകെ വരവ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 10295000 | 10295000 | 9146684 | |
| വികസനഫണ്ട് (SCP) | 0 | 1689000 | 1689000 | 1626160 | |
| വികസനഫണ്ട് (TSP) | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-unTied) | 426988 | 1837397 | 2264385 | 2156097 | 108288 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 1683137 | 3205449 | 4888586 | 1851657 | 3036929 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 5405000 | 5405000 | 5405000 | |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4570000 | 4570000 | 4211334 | |
| തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി ചെലവ് | 0 | 13364925 | 13364925 | 13364925 | 0 |
| തൊഴിലുറപ്പ് ഭരണ ചെലവ് | 692 | 689155 | 689847 | 216080 | 473767 |
| സാക്ഷരത | 15628 | 1538 | 17166 | 25 | 17141 |
| ഐ.സി.ഡി.എസ് | 3023 | 0 | 3023 | 3023 | 0 |
| ശുചിത്വ മിഷൻ | 1273359 | 0 | 1273359 | 263869 | 1009490 |
| മറ്റ് ഗ്രാന്റ് | 1160672 | 300000 | 1460672 | 280000 | 1180672 |
| മറ്റ് ഗ്രാന്റ് | 29940 | 200934 | 230874 | 29940 | 200934 |
| മറ്റ് പദ്ധതി | 66816 | 0 | 66816 | 0 | 66816 |
| പഞ്ചായത്ത് ദുരിതാശ്വാസ നിധി | 17611 | 3000 | 20611 | 0 | 20611 |
| പി.എച്ച്.സി | 0 | 209408 | 209408 | 61755 | 147653 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 0 | 82673 | 82673 | 50011 | 32662 |
| ആയുർവ്വേദം | 0 | 500000 | 500000 | 0 | 500000 |

### 1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

| ഫണ്ട് | വിഹിതം | ലൈഫ് ലോൺ(-) | സ.ഉ 179/22/ധന പ്രകാരം കുറവ് ചെയ്തത് | അംഗൻവാടി ഹോണറേറിയം(-) | അക്കൗണ്ട് ചെയ്ത ഫണ്ട് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 10295000 | 955095 | 102950 | 5256000 | 8711355 |
| വികസനഫണ്ട് (SCP) | 1689000 | 297963 | | | 1391037 |

### 1-3-2 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തിയില്ല

2022-23 സാമ്പത്തിക വർഷം 24 സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ ആകെ 68 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച 24 സ്പിൽ ഓവർ പദ്ധതികളിൽ 11 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ ഏകദേശം 50% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള സ്പിൽ ഓവർ പദ്ധതികൾക്കായി ₹1741802/-വകയിരുത്തിയിരുന്നെങ്കിലും ₹158954/-മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് തുടർ വർഷത്തെ ഫണ്ട് ലഭ്യതയെ സാരമായി ബാധിക്കാനിടയുണ്ട്. സ്പിൽ ഓവർ പദ്ധതികളുൾപ്പെടെ ഗ്രാമ പഞ്ചായത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 59744462 | 130 | 30478894 | 0 | 46 | 73.86 |

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | സെക്രട്ടറി | 39 | 29 | 7363641 | 4817751 | 65.43 |
| 2. | അസിസ്റ്റന്റ് എൻജിനീയർ | 68 | 41 | 15661520 | 10118607 | 64.61 |
| 3. | കൃഷി ഓഫീസർ | 3 | 3 | 1596250 | 1104399 | 69.18 |
| 4. | വി. ഇ. ഒ.1 | 14 | 13 | 17246280 | 5000120 | 34.49 |
| 5. | ഐ. സി. ഡി. എസ്. | 4 | 4 | 3192502 | 2589844 | 81.12 |
| 6. | എം. ഒ., പി. എച്ച്. സി. | 11 | 7 | 2704789 | 1225635 | 45.31 |
| 7. | എം. ഒ., ആയുർവ്വേദം | 3 | 3 | 800000 | 795040 | 99.38 |

| | | | | | | |
|---|---|---|---|---|---|---|
| 8. | ഹോമിയോ | 3 | 3 | 195000 | 194900 | 99.95 |
| 9. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 3731194 | 1590569 | 42.63 |
| 10. | ഹെഡ്മാസ്റ്റർ | 10 | 9 | 870534 | 501041 | 57.55 |
| 11. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 1443800 | 27000 | 1.87 |
| 12. | വെറ്ററിനറി സർജൻ | 6 | 5 | 1364844 | 3254888 | 23.84 |
| 13. | വി. ഇ. ഒ | 9 | 9 | 1684064 | 1149144 | 68.23 |
| | ആകെ | 176 | 130 | 59744462 | 30478894 | 51.01 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 692 | 689155 | 689847 | 216080 | 473767 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 13364925 | 13364925 | 13364925 | 0 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹21332/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1395200 | 138 |
| വാർദ്ധക്യ പെൻഷൻ | 13994000 | 1358 |
| വികലാംഗ പെൻഷൻ | 1530000 | 143 |
| അവിവാഹിത പെൻഷൻ | 429800 | 41 |
| വിധവാ പെൻഷൻ | 4198400 | 371 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. സ്പിൽ ഓവർ പദ്ധതികൾ നടപ്പാക്കുന്നതിൽ കാര്യമായ ശ്രദ്ധ ചെലുത്തിയിട്ടില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തെരുവു ടാപ്പുകളുടെ വെള്ളക്കരം കൃത്യമായി ഒടുക്കു വരുത്തുന്നുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക ഡിമാന്റിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വെള്ളക്കരമിനത്തിലുള്ള ഒടുക്കു വിവരം കേരള വാട്ടർ അതോറിറ്റിയെ ബോധ്യപ്പെടുത്തി

കുടിശ്ശിക ഡിമാന്റ് ഒഴിവാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് പണി കഴിപ്പിച്ച് പ്രവർത്തനരഹിതമായി കിടന്നിരുന്ന പകൽ വീട് ഏറ്റെടുത്ത് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ യഥാവിധി തയ്യാറാക്കി യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9 ലോൺ തുക തെറ്റായി അക്കൗണ്ട് ചെയ്തത് സംബന്ധിച്ച്

ലൈഫ് ഭവനപദ്ധതി പ്രകാരം ഗുണഭോക്താവ് കൈപ്പറ്റിയ ലോൺ (ഹഡ്കോ) ഇനത്തിലെ തുക ₹100000/- പ്രസ്തുത ഗുണഭോക്താവിന്റെ വീട് വിറ്റതിനാൽ അമൽ ജോസ്/ജോസ് റ്റി വർഗ്ഗീസ് എന്ന വ്യക്തി (ഗുണഭോക്താവ്) തിരികെ ഒടുക്കിയത് 3/2/2023 തിയതിയിൽ വൗച്ചർ നമ്പർ 1220102498 പ്രകാരം Stale Cheque ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരികെ ലഭ്യമായ ലോൺ തുക നിശ്ചിത ഹെഡ്ഡിൽ വരവ് ചേർത്ത് ലോൺ തിരിച്ചടവിനൊപ്പം അടവാക്കുകയോ തുടർവർഷങ്ങളിൽ ചെലവഴിക്കുകയോ ചെയ്യേണ്ടതാണ്.

## 1-10 വസ്തു നികുതിയും നികുതി പരിഷ്കരണവും - അവലോകനം

13 വാർഡുകളുള്ള കോടിക്കുളം ഗ്രാമ പഞ്ചായത്തിന്റെ പ്രധാന തനത് വരുമാന മാർഗ്ഗം വസ്തു നികുതിയാണ്. 2022-23 വർഷം വസ്തു നികുതി ഇനത്തിൽ ബജറ്റിലെ പ്രതീക്ഷിത വരവ് ₹2300000/- ആയിരുന്നു. സഞ്ചയ പ്രകാരം ₹2895492/-, വാർഷികക്കണക്ക് പ്രകാരം ₹2755860/- എന്നിങ്ങനെയാണ് യഥാർത്ഥ വസ്തു നികുതി പിരിവ്. സ.ഉ. (കൈ) നം.179/2022/ധന പ്രകാരം റവന്യൂ പിരിവ് 90% എന്ന ലക്ഷ്യം കൈവരിക്കാതിരുന്നതിനാൽ വികസന ഫണ്ടായി (പൊതു വിഭാഗം) അനുവദിച്ച തുകയുടെ 1% തുകയായ ₹102950/- കുറവായാണ് ലഭ്യമായത്. നിലവിൽ 4856 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷനാണ് സഞ്ചയയിൽ പൂർത്തീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 1/24-07-23 ന് മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ വികസന സ്ഥിതി, മറ്റ് സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് മേഖല വിഭജനം നടത്തിയിട്ടുള്ളത്. എന്നാൽ ആയത് സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് ഫീൽഡ് പരിശോധനകൾ നടത്തുകയും രജിസ്റ്റർ സൂക്ഷിക്കുകയും ചട്ട പ്രകാരമുള്ള നികുതി ഈടാക്കുകയും ചെയ്യുന്നുണ്ട്. നികുതി ഇളവ് സംബന്ധമായ അപേക്ഷകൾ സൂക്ഷിക്കുന്നുണ്ട്. വലിയ വാണിജ്യ കെട്ടിടങ്ങൾ തറ വിസ്തീർണ്ണം വിഭജിച്ച് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പിന്റെ 22-03-2023 ലെ സ.ഉ.(കൈ)നം. 77/2023/LSGD പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം ഓരോ കെട്ടിടത്തിന്റെയും തരം അനുസരിച്ചുള്ള പുതുക്കിയ വസ്തു നികുതി നിരക്ക് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ പുതുക്കിയ വസ്തു നികുതി നിരക്ക് സംബന്ധമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. സർവ്വേ മുതലായ നടപടികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം പഞ്ചായത്തു നൽകുന്ന വിവിധ സേവനങ്ങൾക്ക് (ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ജല വിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ, ഡ്രെയിനേജ് മുതലായ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. കോടിക്കുളം ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം സേവന നികുതി ഈടാക്കുന്നില്ല. പരാമർശിത സേവനങ്ങൾ പൊതുജനങ്ങൾക്കായി ആവശ്യാനുസരണം ലഭ്യമാക്കി, സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി

വസ്തുനികുതിയുടെ തൻവർഷ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തെ വിവിധ മുറികളായി വിഭജിച്ച് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നഷ്ടം സംഭവിച്ചതായി കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203-ാം വകുപ്പ്, 2,7,9 ഉപവകുപ്പുകൾ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5), 4(1) എന്നിവ പ്രകാരം വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേകം വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി പെർമിറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കിയ 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം വിവിധ മുറികളായി വിഭജിച്ച് നമ്പരുകൾ നല്കിയത് പ്രകാരം ഒരു ച.മീറ്ററിന് ₹40/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ₹60/- നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യ കെട്ടിടത്തെ ചെറിയ മുറികളായി വിഭജിച്ച് വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം സംഭവിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) |
|---|---|---|
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355A | 23 |
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355B | 26.5 |
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355C | 26.5 |

| | | |
|---|---|---|
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355J | 34.6 |
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355K | 34.6 |
| മുഹമ്മദ് ഉസ്മാൻ, വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355L | 34.6 |
| ഉസ്മാൻ വി.എ. & ഫർസാന കെ.എസ്. വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355D | 26.5 |
| ഉസ്മാൻ വി.എ. & ഫർസാന കെ.എസ്. വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355E | 26.5 |
| ഉസ്മാൻ വി.എ. & ഫർസാന കെ.എസ്. വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355F | 26.5 |
| ഉസ്മാൻ വി.എ. & ഫർസാന കെ.എസ്. വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355G | 26.5 |
| തസ്നി വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355H | 26.5 |
| തസ്നി വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355I | 26.5 |
| തസ്നി വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355Q | 34.6 |
| തസ്നി വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355R | 34.6 |
| തസ്നി വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355S | 34.6 |
| ഉസ്മാൻ വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355M | 34.6 |
| ഉസ്മാൻ വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355N | 34.6 |
| ഉസ്മാൻ വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355O | 34.6 |
| ഉസ്മാൻ വി.എ., വെള്ളികുളത്ത്, പടിഞ്ഞാറെ കോടിക്കുളം. | 355P | 34.6 |

A3-BA/209461/22/24-06-2022 നമ്പറായി പെർമിറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി 2022-23 രണ്ടാം അർദ്ധ വർഷം മുതൽ നികുതി നിർണയിച്ച മേൽ പരാമർശിത കെട്ടിടത്തിൽ 100 ച.മീറ്ററിന് മുകളിൽ വിസ്തൃതിയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിലുൾപ്പെടുത്തി ₹60/- നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് പകരം 100 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി ₹40/-നിരക്കിലാണ് ഈടാക്കി വരുന്നത്.

ഇപ്രകാരം കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീ.24-07-23) സമർപ്പിച്ച മറുപടിയിൽ, തുടർന്നുള്ള നികുതി നിർണ്ണയങ്ങളിൽ പ്രസ്തുത അപാകത ആവർത്തിക്കില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഇത്തരത്തിൽ തറവിസ്തീർണ്ണം വിഭജിച്ച് നികുതി ഈടാക്കിയതിനാൽ പഞ്ചായത്തിന് നികുതിയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 ഇ ടെണ്ടർ ഫോറ വിലയിനത്തിലുള്ള ₹305285/-ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

ഇ ടെണ്ടർ തുടങ്ങിയ ഓൺലൈൻ ഇടപാടുകൾ നടത്തുന്നതിനായി അസി.എഞ്ചിനിയറുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ കറണ്ട് അക്കൗണ്ട് എടുത്ത് NIC യിൽ രജിസ്റ്റർ ചെയ്യണമെന്ന കേരള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8.04.2022 ലെ 8(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അസി.എഞ്ചിനിയർക്ക് തനതുഫണ്ടിൽ നിന്നും ₹10000/- അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയും അസി.എഞ്ചിനിയറുടെ പേരിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2017-18 മുതലുള്ള ഇ-ടെണ്ടർ ഫോറ വില ₹305285/-നാളിതു വരെയും ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി.എഞ്ചിനിയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിക്കുകയും ചെയ്തിട്ടില്ല. ഇ-ടെണ്ടർ ഫോറ വിലയുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക(₹) |
|---|---|
| 2017-18 | 33136 |
| 2018-19 | 0 |
| 2019-20 | 30246 |
| 2020-21 | 150217 |
| 2021-22 | 36156 |
| 1.4.22മുതൽ 23.7.23 വരെ | 55530 |
| ആകെ | 305285 |

അസി.എഞ്ചിനിയറുടെ പേരിൽ കറണ്ട് അക്കൗണ്ട് ആരംഭിച്ച് ഇ-ടെണ്ടർ ഫോറ വില ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 കാലി വീപ്പ വില തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്യുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ(പി)177/06/ധന/തീയതി. 12.04.06 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് 30.10.2007 ലെ

59827/എഫ്.എം/07/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷം വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് & പ്രോജക്ട് നം | ബിൽ നം/തീയതി | തുക(₹) | കാലി വീപ്പയുടെ വിലയിനത്തിൽ കുറവു ചെയ്തിട്ടുള്ള തുക(₹) |
|---|---|---|---|
| തവിക്കല്ല് തലക്കം പുറം റോഡ്(184/22) | 22100552015501544614/ 28.3.23 | 531529 | 4213 |
| പള്ളി പറമ്പ് കണ്ണാടിപ്പാറ റോഡ് റീടാറിംഗ്(74/23) | 22100552015501534260/ 28.03.23 | 493861 | 4495 |
| കീരംകുഴിപ്പാറ താന്നിമാരി തണ്ട് റോഡ് | 22100552015501534260/ 28.3.23 | 1047386 | 8145 |
| ആകെ | | | 16853 |

ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്നും കുറവ് ചെയ്ത് ഗ്രാമ പഞ്ചായത്തിന്റ 347802010003358 നമ്പർ തനതു ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ₹16853/- ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ഫെസ്റ്റിവൽ അഡ്വാൻസ് -മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

സ.ഉ(അച്ചടി)നം. 100/2022/ധന. തിയതി. 30.08.2022 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും 2022-ലെ ഓണം അഡ്വാൻസായി 20000 രൂപയിൽ നിജപ്പെടുത്തി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് അജനാസ് റഹിം എം.എ. യ്ക്ക് ഫെസ്റ്റിവൽ അഡ്വാൻസായി ₹15000/- അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ/ തിയതി/ തുക- 22200329/ 01.09.2022/ 101000 രൂപ

ചെക്ക് നം./ തിയതി- 004989/01.09.2022 (തനത് ഫണ്ട്)

മേൽ ഉത്തരവ് പ്രകാരം അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളവും ബത്തകളും മാറി നൽകുന്ന ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് വിതരണം ചെയ്യാവുന്നതും 5 തുല്യമാസ ഗഡുക്കളായി 2022 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരൻ കൈപ്പറ്റിയ തുക തിരികെ ഒടുക്കേണ്ട കാലാവധി കഴിഞ്ഞിട്ടും പൂർണ്ണമായി ഒടുക്ക് വരുത്തിയിട്ടില്ല.

കൈപ്പറ്റിയ തുക - ₹15000/-

തിരികെ ഈടാക്കിയ തുക = ₹6000/-

തിരികെ ഈടാക്കാനുള്ള തുക = ₹9000/-

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/26.07.2023) തുക തിരികെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓണം മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ- വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിന് ഹോംകോയ്ക്ക് ₹150000/- കൈമാറിയെങ്കിലും നാളിതുവരെ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രൊജക്റ്റ് നമ്പർ, പേര് | നിർവ്വഹണ എജൻസി | കൈമാറിയ തുക ₹ | ബിൽ റഫറൻസ് നം./തീയതി |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>പ്രൊജക്റ്റ് നമ്പർ : 26/23,<br>ഹോമിയോ മരുന്നു വാങ്ങൽ | ഹോംകോ ആലപ്പുഴ | 1,50,000/- | BRN : 22100552008400937184<br>Dtd : 21.12.2022 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

1. ഗ്രാമ പഞ്ചായത്തിന് കുടിവെള്ള സൗകര്യമൊരുക്കൽ (119/23)

കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ബിൽ നം.2100552017700816488/18.03.22 പ്രകാരം ₹59217/-ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് (പ്രോജക്റ്റ് 119/23) 2022-23 വർഷം ₹50783/-വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി തുക വിനിയോഗിച്ചിട്ടില്ല.

2. വണ്ടമറ്റം പി.എച്ച്.സി സബ്സെന്ററിന് കുഴൽകിണറും മോട്ടോർ സ്ഥാപിക്കലും

കുഴൽ കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ബിൽ നം.2100552017700816489/21.12.21 പ്രകാരം ₹49705/-ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് (പ്രോജക്റ്റ് 119/23) 2022-23 വർഷം ₹49295/-വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി തുക വിനിയോഗിച്ചിട്ടില്ല.

പദ്ധതികളുടെ നിലവിലെ സ്ഥിതി വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 9/26.7.23) നൽകിയ മറുപടിയിൽ കുഴൽ കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 2023-24 വർഷത്തിൽ പദ്ധതി സ്പിൽ ഓവർ ആയി ഏറ്റെടുത്തിട്ടുണ്ടെന്നും മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 കേരള ഐ.ടി മിഷനിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല

കോടിക്കുളം ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി ഓഫിസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി (പ്രോജക്റ്റ് നം 136/23) ബിൽ നം.22100552017700925587/17.12.22 പ്രകാരം ₹46288/- ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള സ്റ്റേറ്റ് ഐ.ടി മിഷന് മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും ഐ.ടി മിഷനിൽ നിന്നും കമ്പ്യൂട്ടർ നാളിതുവരെയും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8/26.7.23) മറുപടി ലഭ്യമാക്കിയില്ല. കമ്പ്യൂട്ടർ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹ 46288/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 പൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത് തൻവർഷം ഖരമാലിന്യ പരിപാലനത്തിനുവേണ്ടി വി.ഇ.ഒ മുഖേന ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് – റിംഗ് കമ്പോസ്റ്റ് എന്ന പേരിൽ രണ്ട് പദ്ധതികൾ (പ്രോജക്റ്റ് നം. 166/23, പ്രോജക്റ്റ് നം.175/23) ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. ഇതിനായി താഴെ സൂചിപ്പിക്കുന്ന പ്രകാരം ₹ 236880/- ചെലവഴിച്ചിട്ടുണ്ട്. സമാന സ്വഭാവമുള്ള പ്രോജക്റ്റ് ഒറ്റ പദ്ധതിയായി നടപ്പാക്കുന്നതിനു പകരം അടങ്കൽ തുക വിഭജിച്ച് 2 പദ്ധതികളിലായാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| പദ്ധതിയുടെ പേര്/നം./ അടങ്കൽ തുക₹ | ടെണ്ടർ ക്ഷണിച്ച തീയതി/ ടെണ്ടർ സ്വീകരിക്കുന്ന തീയതി | ടെണ്ടർ പ്രകാരമുള്ള ഒരു യൂണിറ്റിനുള്ള തുക | ബിൽ നമ്പർ/തീയതി/ തുക₹ |
|---|---|---|---|
| ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് - റിംഗ് കമ്പോസ്റ്റ്, 166/23 | 12-01-23, 27-01-23 | 2875 (29 എണ്ണം) | 31-03-23/ ₹75168/- 31-03-23/ ₹8352/- (₹145/- അധികം നൽകി) |
| ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് - റിംഗ് കമ്പോസ്റ്റ്, 175/23 | 12-01-23, 27-01-23 | 2840 (54 എണ്ണം) | 28-03-23/ ₹153360/- |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാങ്ങൽ പ്രക്രിയകൾക്ക് ഐകരൂപ്യം വരുത്തുക, കാര്യക്ഷമത വർദ്ധിപ്പിക്കുക, നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുക തുടങ്ങിയ ലക്ഷ്യം മുൻനിർത്തിയാണ് സർക്കാർ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ പുറപ്പെടുവിച്ചത്. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി. ഒ (പി) 259/2010 നമ്പർ ഉത്തരവ് കാണുക). വാങ്ങൽ പ്രക്രിയകൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു പ്രക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായ മേൽനോട്ടവും ഇടപെടലുകളും നടത്തേണ്ടതാണെന്ന് മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത സമിതി അതിന്റെ കടമ യഥാവിധി നിറവേറ്റുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലെന്ന് മേൽപരാമർശിത പ്രോജക്റ്റുകളുടെ ഭാഗമായി നടന്ന വാങ്ങൽ പ്രക്രിയയിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത രണ്ട് പദ്ധതികൾക്കും വേണ്ടി ഒരേ തീയ്യതിയിൽ തന്നെയാണ് ടെണ്ടർ ക്ഷണിച്ചത്. ഒരേയിനമാണ് വിതരണം ചെയ്യേണ്ടതെങ്കിലും ടെൻഡറിൽ പങ്കെടുത്ത ബ്ലൂ ഫ്ലെയിം ഏജൻസി എന്ന സ്ഥാപനം രണ്ട് ടെണ്ടറുകളിലും വ്യത്യസ്ത നിരക്കുകളാണ് ക്വോട്ട് ചെയ്തത്. ഇത് പരിഗണിക്കാതെ നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശ പ്രക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചു. ശുചിത്വ മിഷൻ റിംഗ് കമ്പോസ്റ്റിന് ₹3350/- യൂണിറ്റ് നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്. ഒരേ സ്പെസിഫിക്കേഷനിലുള്ള റിംഗ്

കമ്പോസ്റ്റ് യൂണിറ്റ് ₹2875, ₹2840 എന്നിങ്ങനെ വ്യത്യസ്തമായ നിരക്കിൽ വാങ്ങുന്നതിന് തീരുമാനിച്ചത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സമാന സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ വ്യത്യസ്തമായ തുകയ്ക്ക് സ്വരൂപിച്ചത് മൂലം ₹35/- വീതം ഓരോ യൂണിറ്റിനും അധികം ചെലവ് വന്നിട്ടുണ്ട്. തുകയുടെ വ്യതിയാനം നാമമാത്രമെങ്കിലും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് രൂപീകരിച്ച സമിതി അത് പരിഗണിക്കാതെ വിതരണാനുമതി നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ.26-07-23) സമർപ്പിച്ച മറുപടിയിൽ, മുൻ വർഷത്തെ ഗുണഭോക്താക്കളിൽ അവശേഷിക്കുന്നവർക്കായി ഒരു പദ്ധതിയും പുതിയ ഗുണഭോക്താക്കൾക്കായി മറ്റൊരു പദ്ധതിയുമാണ് നടപ്പാക്കിയതെന്നും കുറഞ്ഞ തുക ക്വോട്ട് ചെയ്ത വ്യക്തിയുടെ രണ്ട് പദ്ധതികൾക്കായുള്ള വ്യത്യസ്ത ടെണ്ടർ തുകകൾ അംഗീകരിക്കുകയുമാണുണ്ടായതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതയും പദ്ധതി നടത്തിപ്പിലെ അശ്രദ്ധയും മൂലം പഞ്ചായത്ത് ഫണ്ടിന് ₹1015/- (29 എണ്ണം X ₹35) നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽനിന്ന് ഈടാക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾ കൃത്യമായും ശ്രദ്ധയോടെയും നടപ്പാക്കുന്നതിനും നിർവ്വഹണോദ്യോഗസ്ഥന്റെയും ഗ്രാമപഞ്ചായത്ത് അധികാരികളുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 പെണ്ണാട് വിതരണം-അനർഹർക്ക് സബ്സിഡി നൽകി നഷ്ടം ₹15000/-

പോഷക സമൃദ്ധമായ പാലുല്പാദനം വർദ്ധിപ്പിക്കുക, ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് വനിതകൾക്ക് പെണ്ണാട് വിതരണം എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയത് (പ്രോജക്ട് നം.156/23). വെറ്റിനറി സർജൻ നടപ്പാക്കിയ പ്രസ്തുത പദ്ധതിയിലൂടെ ഒരു വ്യക്തി തന്നെ ഒരേ സമയം ഗുണഭോക്താവായും വിൽപ്പനക്കാരിയായും സബ്സിഡി തുക കൈപ്പറ്റിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എംഎസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയുടെ ഖണ്ഡിക 6.3.33.4 അനുസരിച്ച് ആരുടെ പക്കൽ നിന്നാണോ ഉരുക്കളെ വാങ്ങുന്നത്, അവരുടെ അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്. പെണ്ണാട് വിതരണപദ്ധതിയുടെ ഗുണഭോക്താവായ വ്യക്തിയ്ക്ക് ആടിനെ വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചതും ആടിനെ വിൽപന നടത്തിയതു വഴി തുക സ്വീകരിക്കുവാൻ അവസരം നൽകിയതും പ്രോജക്ടിന്റെ അന്തഃസത്തയ്ക്ക് ചേർന്ന നടപടിയല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ആടിനെ വിറ്റ ആളുടെ പേര് മേൽവിലാസം | അനുവദിച്ച സബ്സിഡി (₹) | ബിൽ നമ്പർ, തീയതി, തുക | ആടിനെ കൈപ്പറ്റിയ ഗുണഭോക്താവിന്റെ വിവരം |
|---|---|---|---|
| ജോളി ബിജു, ചിമ്മിനിക്കാട്ട് | 5000/- | 2210055200830139927/ 18-03-23 ₹325000/- | ഷൈനി സാന്റോ, ചെറുപറമ്പിൽ |
| ഷൈനി സാന്റോ, ചെറുപറമ്പിൽ | 5000/- | | ഷൈല ജോൺ ചെറുപറമ്പിൽ |
| ഷൈനി സാന്റോ, ചെറുപറമ്പിൽ | 5000/- | | ബിൻസി റിജോ ചെറുപറമ്പിൽ |
| ബേബി മാത്യു, കളപ്പുരയ്ക്കൽ | 5000/- | | ജോയിസ് ജിമ്മി, കളപ്പുരയ്ക്കൽ |
| ജോയിസ് ജിമ്മി, | 5000/- | | മേരി മൈക്കിൾ, |

| | | | |
|---|---|---|---|
| കളപ്പുരയ്ക്കൽ | | | പൊട്ടോളിയിൽ |

65 വ്യക്തികൾക്ക് ആടുകളെ വിതരണം ചെയ്ത വകയിൽ പ്രോജക്ടിൽ ₹ 325000/- ചെലവുണ്ട്. ₹5000 – സബ്സിഡിയും *₹5000* /- ഗുണഭോക്തൃവിഹിതവുമുൾപ്പടെ ആകെ ₹10000/- ആണ് ഒരു ആടിന്റെ വിലയായി ജില്ലാതല ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ വിലവിവരപ്പട്ടിക പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ ആടിന്റെ വില, തൂക്കം, ഇനം, പ്രായം തുടങ്ങിയവ സംബന്ധിച്ച വെറ്ററിനറി സർജന്റെ സാക്ഷ്യപ്പെടുത്തൽ ഫയലിൽ ഇല്ല. സബ്സിഡി മാനദണ്ഡ പ്രകാരം ആടിന്റെ വിലയുടെ 50% മാത്രമാണ് സബ്സിഡിയായി നൽകാവുന്നത്. ആടിന്റെ വില സംബന്ധിച്ച രേഖകളോ സാക്ഷ്യപ്പെടുത്തലോ ലഭ്യമല്ലാത്തതിനാൽ സബ്സിഡി നൽകിയിരിക്കുന്നതിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആടിനെ വാങ്ങിയതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപ്പെടുത്തലുകൾ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ട് പ്രകാരം ആടിനെ വാങ്ങിയ ശ്രീമതി.ഷൈനി സാന്റോയുടെ അപേക്ഷയിൽ ടിയാൾക്ക് ഒരു ആടാണ് നിലവിലുള്ളതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവർ തന്നെ രണ്ട് ആടുകളെ മറ്റ് ഗുണഭോക്താക്കൾക്ക് വിറ്റ വകയിൽ ₹10000/- സബ്സിഡിയിനത്തിൽ കൈപ്പറ്റിയതായി രേഖകൾ സൂചിപ്പിക്കുന്നു. പദ്ധതി നടത്തിപ്പിലെ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (നം.11, 12/2 തീ.7-07-23) സമർപ്പിച്ച മറുപടിയിൽ, പദ്ധതി നിർവ്വഹണം മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും മറ്റ് പരാതികൾ നിലവിലില്ലെന്നും പദ്ധതി സംബന്ധിച്ച് മോണിട്ടറിംഗ് നടന്നെങ്കിലും രേഖകൾ സൂക്ഷിക്കാത്തതാണെന്നും വെറ്ററിനറി സർജൻ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ആടിനെ വിറ്റ ആളുകൾ തന്നെ അതേ ഗണത്തിൽപ്പെട്ട ആടുകളെ വാങ്ങിയതിലെ സാംഗത്യം മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് വ്യക്തമായ മറുപടി ഹാജരാക്കാത്തതിനാൽ ആടുകളെ വിറ്റതിന് സബ്സിഡി ഇനത്തിൽ ശ്രീമതി ഷൈനി സാന്റോ, ചെറുപറമ്പിൽ, ശ്രീമതി ജോയിസ് ജിമ്മി, കളപ്പുരയ്ക്കൽ എന്നിവർക്കു അനുവദിച്ച ₹15000/- (യഥാക്രമം ₹10000 + ₹5000) ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി സർക്കാർ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

അവശ്യമായ പരിശോധനകളും സാക്ഷ്യപ്പെടുത്തലുകളും നടത്താതെ പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണോദ്യോഗസ്ഥൻ പൊതു പണം അശ്രദ്ധമായും ഉത്തരവാദിത്തമില്ലാതെയും കൈകാര്യം ചെയ്തതായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്താക്കളുടെ അർഹത, ഉരുക്കളുടെ ഭൗതിക കൈമാറ്റം എന്നിവയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആവശ്യമായ രേഖകൾ ഇല്ലാതെയും വിശദമായ പരിശോധന നടത്താതെയും ചെലവഴിച്ച ₹ 325000/– ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

കോടിക്കുളം ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ്മെയിൻ വലിക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനുമായി മുൻ വാർഷിക പദ്ധതികളിലുൾപ്പെടുത്തി ₹12,10,083/-കേരള ഇലക്ട്രിസിറ്റി ബോർഡ് വണ്ണപ്പുറം സെക്ഷനിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. വർഷങ്ങൾക്കു ശേഷവും പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ എത്രയും വേഗം പദ്ധതി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കുവാൻ 10.05.22-ലെ 19(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പദ്ധതികളുടെ പൂർത്തീകരണ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയില്ല. ഡെപ്പോസിറ്റ് തുകകൾ വിനിയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ₹12,10,083/-കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ

സ്വീകരിക്കേണ്ടതാണ്.

1-21 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

താഴെപ്പറയുന്ന ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | പ്രവൃത്തി ഇനം | തുക(₹) | ബിൽ നം./വൗച്ചർനം/ തീയതി |
|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കൊട്ടുവേലി അംഗൻ വാടി വൈദ്യുതീകരണം(201/23) | 48474/- | 22100552017701152525/ 7.2.23 |
| കേരള വാട്ടർ അതോറിറ്റി | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ റദ്ദുചെയ്യൽ | 164000 | 22200374/ 26.9.22 |

പദ്ധതികളുടെ പൂർത്തീകരണവിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-22 ഗ്രാമ പഞ്ചായത്തിലെ കുടിവെള്ള വിവതരണം- പൊതുടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്

ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വിച്ഛേദനത്തിനായി വാട്ടർ അതോറിറ്റിയ്ക്ക് നൽകിയ ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണം, വെള്ളക്കരം കുടിശ്ശിക തുക ഒടുക്കൽ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-22-1 ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ വിച്ഛേദനം- പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് അധികൃതരും വാട്ടർ അതോറിറ്റിയും തമ്മിൽ 08.04.2022 ൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. റിപ്പോർട്ട് നം KWA PH.S1/2021/29.04.2022 പ്രകാരം സംയുക്ത പരിശോധനയ്ക്കുള്ള കാരണം Dispute On No. Of Taps എന്നുമാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് Defunct Taps എന്നുകൂടി രേഖപ്പെടുത്തിയതായി കാണുന്നില്ല. ആകെ 108 ടാപ്പുകൾ ഉള്ളതിൽ ഉപയോഗിക്കാത്ത ടാപ്പുകൾ ഇല്ലെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നിരിക്കെ KWA PH ഡിവിഷൻ- എക്സി. എഞ്ചിനീയറിൽ നിന്നും 93 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള 164000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും (നം. D3-2879/2021/TDPA തിയതി 17.05.22) KWA യുടെ 67133387137 അക്കൗണ്ട് നമ്പറിലേക്ക് (IFSC: SBIN0070155) തനത് ഫണ്ട് വൗച്ചർ നമ്പർ 22200376/26.09.2022 പ്രകാരം 164000/- രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്. Defunct Taps കൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്താതെയും റിപ്പോർട്ടിൽ ഉപയോഗിക്കാത്ത ടാപ്പുകൾ ഇല്ലെന്ന് പരാമർശിക്കുകയും ചെയ്തിട്ടും 93 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ കാരണം വ്യക്തമല്ല. കൂടാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 12/27.07.23)

1-22-2 ഗ്രാമപഞ്ചായത്തിന്റെയും KWA യുടെയും രേഖകളിൽ കുടിശ്ശിക തമ്മിൽ വ്യത്യാസം കാണുന്നു -വാർഷിക കണക്കിൽ കുടിശ്ശിക വിവരം ചേർത്തിട്ടില്ല

എ) KWA PH ഡിവിഷൻ- എക്സി. എഞ്ചിനീയറുടെ 15.11.2022 ലെ എ4-2015/16/വോൾ 2 പ്രകാരമുള്ള കുടിശ്ശികയുടെ വിവരം

9/2016 മുതൽ 10/2022 വരെയുള്ള ആകെ കുടിശ്ശികയായി ₹671180/- യാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (കുടിശ്ശിക- 378154 + ഫൈൻ- 293026) ഡിമാന്റ് നോട്ടീസ് പ്രകാരം ആദ്യത്തെയും അവസാനത്തെയും മാസത്തെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| | 9/2016 ലെ ഡിമാന്റ് | 10/2022 ലെ ഡിമാന്റ് |
|---|---|---|
| കുടിശ്ശിക OB | 81154 | 378154 |
| ഡിമാന്റ് | 43313 | 52092 |
| ആകെ | 124467 | 430246 |
| ഫൈൻ | 811.54 | 3781.54 |
| കളക്ഷൻ/ ഒടുക്കിയ തുക | 0 | 52092 |
| ആകെ | 125278.54 | 381935.54 |

KWA യുടെ 2023 മാർച്ച് മാസത്തെ ഡിമാന്റ് നോട്ടീസ് പ്രകാരം (10.03.2023 ലെ നം. 72377) ആകെ അടവാക്കേണ്ട തുക- ₹1916079/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

CB As On 28.02.2023- ₹ 1863700/-

ഫൈൻ- ₹36607/-

മാർച്ച് മാസത്തെ ഡിമാന്റ്- ₹15772/-

ആകെ അടവാക്കേണ്ട തുക- ₹1916079/-

ബി) ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരമുള്ള വിവരം

KWA യ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.12.2022 ലെ എ2-2838/22 നമ്പർ പ്രകാരമുള്ള കത്തിൽ 9/2016 മുതൽ 10/2022 വരെയുള്ള കുടിശ്ശികയായി ₹143156/- യാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

OB- 0

ആകെ ഡിമാന്റ് - ₹1941258/-

അടവാക്കിയ തുക- ₹1798102/-

ബാലൻസ്/ കുടിശ്ശിക- ₹143156/-

സി) വാർഷിക ധനകാര്യ പത്രികയിലെ കുടിശ്ശിക വിവരം

2022-23 ലെ വാർഷിക ധനകാര്യ പത്രികയിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക വിവരം ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെയും KWAയുടെയും കുടിശ്ശിക വിവരങ്ങളിലെ വ്യത്യാസത്തിനും വാർഷിക ധനകാര്യ പത്രികയിൽ കുടിശ്ശിക വിവരം രേഖപ്പെടുത്താത്തതിനും ഇതു സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കാത്തതിലും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് അന്വേഷണം 12/27.07.23). അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾ

| നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | സമഗ്ര നെൽകൃഷി വികസന പദ്ധതി (139/23) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (153/23) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 426343 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് (126/23) | 426343 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 200000 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ (107/23) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 650320 | ലൈഫ് ഭവന പദ്ധതി എസ്.സി.പി (92/23) | 650320 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | സുവർണ്ണ ഭവനം (200/23) | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 198300 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 198300 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 856003 | ക്ഷീര സംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (126/23) | 856003 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | സമഗ്ര നെൽകൃഷി വികസന പദ്ധതി (139/23) | 200000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക/റിമാർക്സ് |
|---|---|---|---|---|---|
| കേരള വാട്ടർ | ഉപയോഗ | 22200374/26.9.22 | 164000 | 0 | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | ശൂന്യമായ പൊതുടാപ്പുകൾ റദ്ദുചെയ്യൽ | | | | സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കൊട്ടുവേലി അംഗനവാടി വൈദ്യുതീകരണം (201/23) | ബിൽ നം. 2210055201770115252 5/ 7.2.23 | 48474 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹1065,000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷ വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15/ തസ്വഭവ. തീ.27.05.2015 | 5600000 | 2240000 | 0 | 560000 | | 1680000 |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 11265000 | 7780000 | 1065000 | 1253058 | - | 7591942 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ |

## 4-8 ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹11379000/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹21057248/- |
| ആകെ | ₹32436248/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹19399098/- |
| നീക്കിയിരിപ്പ് | ₹13037150/- |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹371288/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 46288 | ശ്രീ ഷാജു മാത്യു, സെക്രട്ടറി |
| 1-19 | 325000 | ഡോ. ക്ലിന്റ് സണ്ണി, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഷാജു മാത്യു, സെക്രട്ടറി | സെക്രട്ടറി, കോടിക്കുളം ഗ്രാമ പഞ്ചായത്ത് | മഞ്ചപ്പിള്ളിൽ (H), പെരുമ്പിള്ളിച്ചിറ പി.ഒ, കുമാരമംഗലം |
| ഡോ. ക്ലിന്റ് സണ്ണി, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കോടിക്കുളം ഗ്രാമപഞ്ചായത്ത് | കുത്തനാപ്പിള്ളിൽ (H), തടിയമ്പാട് പി.ഒ. ഇടുക്കി |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.7-445/1999 തീയതി 26.09.1999 | 22 | 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23,4-8 |
| 1999-2000 | എൽ.എഫ്.ഐ.7-267/03 തീയതി 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02 തീയതി 13.09.05 | 21 | 2, 17, 18, 19, 22, 23, 24, 25, 26, 29, 30, 31, 32, 33, 34, 35, 36,37, 38, 39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04 തീയതി 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05 തീയതി 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07 തീയതി 03.07.07 | 8 | ഭാഗം- 1, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07 തീയതി 04.09.07 | 7 | ഭാഗം-1, 2-1, 2-2, 3-2, 3-3, 3-8, 3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 10/1661/16/തീയതി 7.1.2017 | 1 | 3-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1165/18/തീയതി 10.10.18 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ. 10/867/19/തീയതി 07.11.2019 | 14 | 1-11, 1-12, 1-14 മുതൽ 1-21 വരെ, 1-23, 1-24, 1-25,3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ. 11/390/22/തീയതി 08.04.2022 | 22 | 1-1-1, 1-1-2, 1-1-3, 1-3, 1-5, 1-8 മുതൽ 1-22 വരെ 1-24 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/833/2021 തീ. 30/09/2021 | 14 | 1-3-1, 1-10, 1-12 മുതൽ 1-18 വരെ, 1-21, 1-22 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി4/1728/22 തീ. 09/01/2023 | 12 | 1-3-5, 1-9 മുതൽ 1-13 വരെ, 1-15, 1-17, 1-20, 1-22, 1-23, 1-25 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 13-07-2023 and submitted on 13-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kodikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kodikulam Grama Panchayat for the year 2022-2023

Date: 06/10/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Kodikulam Grama Panchayat for the Year 2022-2023.

**1.Major Observations**

1) All Mandatory financial statements prescribed in accounting rules are not submitted for audit.

2) Non disclosure of Assets. Asset register is not comprehensive and uptodate.

**2.Other Observations**

1) Misclassification of Receipt vouchers.

2) Registers viz, Advance Register, Deposit Register etc, are not maintained and or does not match with accounts and not reliable for audit.

3) Lack of authenticated journal vouchers for supporting the adjustment entries recorded in prior period

items.
4) Liability amount shown as liability in balance sheet does not match with the corresponding asset side item in the balance sheet

Deputy Director
Idukki

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്